"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യവകുപ്പ്- കോവിഡ്-19 (കൊറോണ)-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ജീവനക്കാരുടെ മാറ്റി വച്ച ശമ്പളം സംഭാവന നൽകുന്നത് - എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജി.ഒ (എം.എസ്) നം.52/2021/ധന

തിരുവനന്തപുരം, തീയതി, 26.03.2021

================================================================================

പരാമർശം:-

1. സ.ഉ.(പി)നം.53/2020/ധന തീയതി 30.04.2020
2. സ.ഉ. (പി)നം.43/2021/ധന തീയതി 26.02.2021
3. സ.ഉ.(എം.എസ്)നം.44/2021/ധന തീയതി 08.03.2021
4. സ.ഉ.(സാധാ)നം.2558/2021/ധന തീയതി, 19.03.2021

## ഉത്തരവ്

കോവിഡ് മൂലമുള്ള രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം അഞ്ചുതവണകളായി താൽക്കാലികമായി മാറ്റിവയ്ക്കാൻ പരാമർശം-1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത്തരത്തിൽ മാറ്റിവച്ച ശമ്പളം 2021-22 സാമ്പത്തിക വർഷത്തെ ആദ്യ അഞ്ചുമാസങ്ങളിൽ തവണകളായി ജീവനക്കാർക്ക് മടക്കി നൽകുന്നതിന് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. ആയതിനുള്ള അനുമതിയും നടപടിക്രമങ്ങളും പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. പരാമർശം 4 പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ആഗ്രഹമുള്ള ജീവനക്കാർക്ക് സംഭാവന നൽകുന്നതിന് ജില്ലാ ട്രഷറിയിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നം.799011400007028 ആരംഭിച്ചിട്ടുണ്ട്. പരാമർശം 1 ന്റെ പരിധിയിൽ ഉൾപ്പെട്ട സർക്കാർ/പൊതുമേഖല/സ്വയംഭരണം/എയിഡഡ്/യൂണിവേഴ്സിറ്റി തുടങ്ങി സാലറി ഡെഫർമെന്റ് ബാധകമായിരുന്ന എല്ലാ ജീവനക്കാർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക്

സംഭാവന നൽകുന്നതിന് പരാമർശം 3ലെ നടപടി ക്രമങ്ങൾ, ടി അക്കൗണ്ട് നമ്പർ എന്നിവ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

SPARK ൽ ഉൾപ്പെടാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ തുടങ്ങിയവയിലെ ജീവനക്കാരുടെ മാറ്റിവച്ച ശമ്പളം മേൽ TSB യിലേക്ക് ഒടുക്കുമ്പോൾ DDO മുഖേന വ്യക്തിഗതമായ transaction details ലഭ്യമാക്കി ധന (ഫണ്ട്സ്) വകുപ്പിൽ നിന്നും രസീത് വാങ്ങാൻ കഴിയുന്നതാണ്. കൂടാതെ മാറ്റി വച്ച ശമ്പളം പൂർണ്ണമായി അല്ലാതെ ഭാഗികമായി (ഏതാനും മാസങ്ങളിലെ തവണകൾ മാത്രമായും) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യാവുന്നതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**രാജേഷ് കുമാർ സിംഗ്, ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ധനകാര്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
6. എല്ലാ വകുപ്പുകൾക്കും
7. ധനകാര്യ (സ്പാർക്ക്) വകുപ്പ്
8. ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്
9. ധനകാര്യ (അക്കൗണ്ട്സ്) വകുപ്പ്
10. നോഡൽ ഓഫീസർ, www.finance.kerala.gov.in
11. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ